**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5356** — **05.07.2012 ൽ മറുപടിക്ക്**

**കെൽട്രോൺ നടത്തുന്ന കോഴ്സുകൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മോൻസ് ജോസഫ് : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കെൽട്രോൺ നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സുകൾ അംഗീ കരിച്ചിട്ടുണ്ടോ ; | (എ) കെൽട്രോൺ നടത്തുന്ന മൂന്ന് മാസം ദൈർഘ്യമുള്ള വേഡ് പ്രോസസിംഗ് ആന്റ് ഡാറ്റാ എൻട്രി സർട്ടിഫിക്കറ്റ് കോഴ്സ് സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ (പി.എസ്.സി) അംഗീകരിച്ചിട്ടുണ്ട്. |
| (ബി) കെൽട്രോൺ നടത്തുന്ന കമ്പ്യൂട്ടർ കോഴ്സുകളെ ഡിപ്ലോമ കോഴ്സുകളായി മാറ്റുന്നതിന് അനുമതി നൽകുമോ; പ്രസ്തുത കോഴ്സുകൾക്ക് പി.എസ്.സി മുഖേന ജോലി ലഭിക്കുന്നതിന് സാധ്യതയുണ്ടോ; | (ബി) കെൽട്രോൺ നടത്തുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഡി.സി.എ) കോഴ്സ്, സെക്രട്ടേറിയറ്റ്- കേരള പി.എസ്.സി, അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് തിരഞ്ഞെടുക്കുന്നതിനുള്ള യോഗ്യതയായി അംഗീകരിച്ചിട്ടുണ്ട്. |
| (സി) ഏതൊക്കെ കോഴ്സുകളാണ് സർക്കാർ അനുമതിയോടെ കെൽട്രോൺ നടത്തുന്നത് എന്ന് വ്യക്തമാക്കാമോ; | (സി) താഴെപറയുന്ന കെൽട്രോൺ കോഴ്സുകൾക്ക് സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള (സിസിഇകെ) അംഗീകാരം നൽകിയിട്ടുണ്ട്.<br>1. പ്രൊഫഷണൽ ഡിപ്ലോമ ഇൻ നെറ്റ് വർക്ക് എഞ്ചിനീയറിംഗ്.<br>2.പ്രൊഫഷണൽ ഡിപ്ലോമ ഇൻ കമ്പ്യൂട്ടറൈസ്ഡ് ഇൻസ്ട്രുമെന്റേഷൻ.<br>3. പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഇൻഡസ്ട്രിയൽ ആട്ടോമേഷൻ<br>4. പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ എന്റർപ്രൈസ് നെറ്റ് വർക്ക് എഞ്ചിനീയറിംഗ്<br>5. പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഇൻഡസ്ട്രിയൽ ആട്ടോമേഷൻ എഞ്ചിനീയറിംഗ്.<br>6. പ്രൊഫഷണൽ ഡിപ്ലോമ ഇൻ ലാപ്ടോപ് നെറ്റ് വർക്ക് എഞ്ചിനീയറിംഗ്. |
| (ഡി) കെൽട്രോൺ കമ്പ്യൂട്ടർ സെന്ററുകളിൽ ബിടെക് കോഴ്സ് നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ യെന്ന് വ്യക്തമാക്കുമോ? | (ഡി) ഉദ്ദേശിക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**